## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*64.** **30.01.2019 ൽ മറുപടിയ്ക്ക്**

### മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം.വിൻസെന്റ്** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മദ്യം ഗുരുതരമായ ഒരു സാമൂഹ്യ വിപത്തായി മാറിയെന്നതും കഞ്ചാവിന്റേയും മയക്കുമരുന്നിന്റെയും വർദ്ധിച്ചു വരുന്ന വ്യാപനം സമൂഹത്തിന് ഭീഷണിയായതും ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (എ) | മദ്യ വർജ്ജനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | മയക്കുമരുന്നുകൾ, പുകയില ഉത്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ കർശനമായി തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണങ്ങൾ നടത്തി വിവരങ്ങൾ ശേഖരിക്കുകയും പരമാവധി കേസ്സുകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിലും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും സംയുക്ത പരിശോധനകൾ നടത്തി വരുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കർശനമായ വാഹന പരിശോധനകൾ നടത്തുകയും ട്രെയിൻ വഴിയുള്ള |

| | | | |
|---|---|---|---|
| | | | ലഹരി കടത്ത് തടയുന്നതിന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധനകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.<br><br>എല്ലാ വിഭാഗം ജനങ്ങളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' മുഖേന വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 'ലഹരിയ്ക്കെതിരെ കായിക ലഹരി' എന്ന സന്ദേശം ഉയർത്തി കുട്ടികളെയും യുവാക്കളെയും കായികരംഗത്തേക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമാണ്. |
| (സി) | ഈ സർക്കാർ വ്യാപകമായി ബാറുകൾക്ക് ലൈസൻസ് നൽകിയത് സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യത കൂട്ടുന്നതിനും തത്ഫലമായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ വർദ്ധിക്കുന്നതിനും കുടുംബങ്ങളിൽ നിലനിന്നിരുന്ന സമാധാനാന്തരീക്ഷം തകരുന്നതിനും ഇടയാക്കിയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മദ്യത്തിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകത്തിൽ | (ഡി) | 8-ാം ക്ലാസ്സിലെ സയൻസ് പുസ്തകത്തിൽ 'തലമുറകളുടെ തുടർച്ചയ്ക്കായി' എന്ന 14-ാം അദ്ധ്യായത്തിലും ഹയർസെക്കൻഡറി ഒന്നാം |

| | | | |
|---|---|---|---|
| | ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; | | വർഷം 'ഹോം സയൻസിലെ അഡോളസെൻസ് ചാംസ് ആൻഡ് ചലഞ്ചസ്' എന്ന യൂണിറ്റിലും 7-ാം ക്ലാസ്സിലെ സയൻസ് പുസ്തകത്തിൽ 'പ്രാണവായുവും ജീവരക്തവും' 'അന്നപഥത്തിലൂടെ' എന്നീ അദ്ധ്യായങ്ങളിലും ബോധവത്ക്കരണ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 10, 12 ക്ലാസ്സുകളിലെ സിലബസ്സിൽ ബോധവത്ക്കരണ വിഷയം ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | മദ്യവർജ്ജന സമിതികളും സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഇ) | മദ്യവർജ്ജന സമിതിയുടെ അംഗങ്ങളെ ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തല ജനകീയ കമ്മിറ്റികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പ് നടത്തുന്ന ബോധവത്ക്കരണ പരിപാടികളിൽ പ്രസ്തുത സമിതിയിലെ അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ